എസി.എച്ച് /2021
11.11.2021

# പത്രക്കുറിപ്പ്

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021

## സ്പോട്ട് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരള സർവകലാശാലയുടെ 2021-22 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പുതുതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. മുൻ അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുത്തവർ പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധ മായും പുതിയ കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം പഴയ അഡ്മിഷനും നിലവിൽ ലഭിച്ച അലോട്ട്മെന്റും നഷ്ടപ്പെടുന്നതാണ്. 12.11.2021 മുതൽ 16.11.2021 വരെയാണ് കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. 12.11.2021 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്ത് തന്നെ കോളേജിൽ ഹാജരാകാൻ ശ്രദ്ധിക്കുക. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (http://admissions.keralauniversity.ac.in) സന്ദർശിക്കുക.

**രജിസ്ട്രാർ**